Syro Malabar Commission for Liturgy



# നോമ്പ് ആറാം ശനി (യോഹ 12: 1-11)

വിലയേറിയ തൈലം ഈശോയുടെ പാദങ്ങളിൽ പൂശി പാഴാക്കുന്നത് കണ്ടപ്പോൾ യൂദാസ് ചോദിക്കുന്നു: "എന്തുകൊണ്ട് ഈ തൈലം മുന്നൂറ് ദനാറയ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുത്തില്ല?" ഈശോയെ ആത്മാർത്ഥമായി സ്നേഹിച്ച മറിയം സർവ്വവും സമർപ്പിക്കാനുള്ള സന്നദ്ധതയുടെ അടയാളമായി വിലയേറിയ തൈലം സമർപ്പിക്കുന്നു. ഈശോ ആരെന്ന് മനസ്സിലാക്കിയ അവൾ എന്തും നല്കാൻ തയ്യാറാകുന്നു. ദൈവത്തിന് നല്കുന്നതിൽ ഉദാരത കാണിക്കുന്ന മറിയം വയലിൽ ഒളിഞ്ഞിരിക്കുന്ന നിധി കണ്ടെത്തിയവളാണ്. നിധി കണ്ടെത്താത്തവർക്ക് മറിയത്തിന്റെ ഈ പ്രവർത്തി ബുദ്ധിശൂന്യതയാണ്. അവളുടെ ആത്മാർത്ഥതയുടെ മാറ്റുരയുന്നത് കാൽവരിയിലെ കുരിശിൻ ചുവട്ടിലാണ് നമ്മുടെ സമർപ്പണങ്ങൾ അധരവ്യായാമങ്ങളാകാതെ ആത്മാർത്ഥതയുള്ളതാകാനുള്ള കൃപയ്ക്കായി പ്രാർഥിക്കാം.


തയ്യാറാക്കിയത്,
ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS
09-04-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്


Read more: wwwsyromalabarliturgy.org